# അഗപെ കയ്യെഴുത്തു മാസിക

agape

VOLUME - XX




follow us:

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

web : www.agapemagazine.com

# അകാരാദി


മുഖവുര 3

തുല്യം ചൊല്ലാൻ ആരുമില്ലാത്തവൻ 6
ലേഖനം. പാസ്റ്റർ. ബി മോനച്ചൻ കായംകുളം

ഒന്ന് ശ്രദ്ധിക്കുമോ! 12
പിൻമാറ്റ ജീവിതത്തിന്റെ ലക്ഷണങ്ങളെക്കുറിച്ച്

നിക്കോദിമോസ് സിൻഡ്രോം 15
ബെന്നി ജോർജ്ജ് മണലിന്റെ ലേഖനം

പഴയ പാട്ടുകൾ - സാധു കൊച്ചുകുഞ്ഞ് ഉപദേശി 21

ദൈവത്തെ മാത്രം കാണുക. 24
ലേഖനം. ബ്രദർ സാജു ജോൺ മാത്യു

ജനനം കേട്ടതും- ലോകത്തിന്റെ മറ്റൊരുമുഖം 30

രക്ഷയുടെ വഴിയിൽ ഒരു വാക്ക് 34
ലേഖനം. ജസ്റ്റിൻ കുമ്പഴ-

മിഷണറി ചരിത്രം - കാൾ ഗുഡ്സ്ലാഫ് 40

ചോദ്യാവലി- 45

# മുഖവുര.



പണത്തിന്റെ ധാരാളിത്തം, സ്വപ്നകന്യകളുടെ പാരമ്യം നവലോകമൊക്കെയും അസഹിഷ്ണുത നമ്മിലും ഏറെ സൃഷ്ടിക്കുന്നില്ലേ. ചെറിയ ഒരു മുറിവോ, തകർച്ചയോ, ഒന്നും നമുക്ക് സഹിക്കുന്നതിലും അപ്പുറത്തേക്ക് പോകുന്നുവോ.?

സംതൃപ്തിയില്ലാത്ത ജീവിതം, നമ്മെ സഹിഷ്ണുതയില്ലായ്മയിലേക്ക് നയിക്കുന്നു. അസഹിഷ്ണുത നമ്മെ നിരാശയിലേക്ക് തള്ളിയിടുന്നു.

## . മുഖവുര.

അസഹിഷ്ണുതയെക്കുറിച്ച് ഏറെ ചർച്ചചെയ്യപ്പെടുന്ന കാലത്താണല്ലോ നാം ജീവിക്കുന്നത്. സഹിഷ്ണുതയില്ലായ്മ പലവിധ പോർമുഖങ്ങളും സൃഷ്ടിക്കുന്നു. ആരോപണ പ്രത്യാരോപണങ്ങൾ തങ്ങളുടേതായ വാദങ്ങൾ നിരത്തുമ്പോഴും ഈ തെറ്റുകൾ തങ്ങളും ചെയ്തതാണെന്ന് മറച്ചു പിടിച്ചു കൊണ്ടാണ്, അതിനെ ഉയർത്തിക്കൊണ്ടുവരുന്നത്. മറുപക്ഷം അതിനെ കണ്ടെത്തി ഈ വാദഗതികളെ എതിർക്കുന്നു.

മനുഷ്യർ തങ്ങൾക്ക് കിട്ടിയ നല്ലൊരു ഭൂമിയെ അവരുടേതായ രീതിയിൽ കടിച്ചുകീറി വീതം വയ്ക്കുന്നത് ചിലരുടെയെങ്കിലും ഉറക്കം കെടുത്തുകയോ, ചാനലുകളിൽ നിന്നുള്ള അമർഷം പുകച്ചിലുകൾ സമൂഹത്തിന് തക്കതായ വിലനൽകുകയോ ചെയ്യേണ്ടി വരുന്നു.

പണത്തിന്റെ ധാരാളിത്തം, സ്വപ്നങ്ങളുടെ ഭാരവും ഇവയൊക്കെയും അസഹിഷ്ണുത നമ്മിലും ഏറെ സൃഷ്ടിക്കുന്നില്ലേ. ചെറിയ ഒരു മുറിവോ, തകർച്ചയോ, ഒന്നും നമുക്ക് സഹിക്കുന്നതിലും അപ്പുറത്തേക്ക് പോകുന്നുവോ.?

സംതൃപ്തിയില്ലാത്ത ജീവിതം, നമ്മെ സഹിഷ്ണുത ഇല്ലായ്മയിലേക്ക് നയിക്കുന്നു. അസഹിഷ്ണുത നമ്മെ നിരാശയിലേക്ക് തള്ളിയിടുന്നു.

പൗലോസ് അപ്പോസ്തലൻ പറയുന്നു 'അസഹിഷ്ണുത നമ്മുടെ പ്രത്യാശയ്ക്ക് ഭംഗംവരുത്തുമെന്ന്. അതായത് അസഹിഷ്ണുത, കഷ്ടതയിലെ ക്രിസ്തുവിന്റെ ഭാവം നമ്മിൽ നിന്ന് 'അകറ്റുന്നു. മിതവ്യയം, യേശുക്രിസ്തു മുഖാന്തിരം, ദൈവത്തോടുള്ള നമ്മുടെ വിശ്വാസത്തിന് കോട്ടം സംഭവിപ്പിക്കുന്നതാണ് സഹിഷ്ണുതയില്ലായ്മ.

പത്രോസ് അപ്പോസ്തലൻ യേശുകർത്താവിനോട് ചോദിക്കുന്നു 'സഹോദരൻ എത്രവട്ടം എന്നോട് പിഴച്ചാൽ ഞാൻ ക്ഷമിക്കേണം? ഏഴുവട്ടം മതിയോ'. യേശു അവനോട് -

"ഏഴു വട്ടമല്ല ഏഴു എഴുപതുവട്ടം". ക്രൂശിൽ കിടക്കുമ്പോഴും സഹിഷ്ണുതയോടെ കാര്യങ്ങളെ നോക്കി കണ്ട ക്രിസ്തുവിന്റെ മനോഭാവം നമ്മിലുണ്ടാകുവാൻ ശ്രമിക്കാം!

"കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നു അറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു." [റോമർ 5:3]





# തുല്യം ചൊല്ലാൻ ആരുമില്ലാത്തവൻ.

ലേഖനം: ഫാ. ബി. മേനച്ചൻ.
കായംകുളം.



അതെ, വിശുദ്ധ വേദപുസ്തകം വെളിപ്പെടുത്തുന്ന യേശു ദൈവപുത്രനാണ്; സാക്ഷാൽ ദൈവമാണ്. അവൻ മാനവരാശിയുടെ രക്ഷിതാവും വീണ്ടെടുപ്പുകാരനുമാണ്. അവന്റെ ജനനം, ജീവിതം, ഉപദേശം ഇവയെല്ലാം നിസ്തുലമാണ്. അവന്റെ മരണം രക്തസാക്ഷി മരണം അല്ലായിരുന്നു, പ്രായശ്ചിത്ത ബലിയായിരുന്നു.

# തുല്യം ചൊല്ലാൻ ആരുമില്ലാത്തവൻ.

ലേഖനം: ഫാ. ബി. മോനച്ചൻ.
കായംകുളം.

യേശു ക്രിസ്തു ആരെന്ന ചോദ്യത്തിന് ലോകം എന്നും നൽകുന്ന ഉത്തരം വ്യത്യസ്തമാണ്. യേശു കർത്താവിന്റെ ഐഹിക ജീവിത കാലത്ത് അവന്റെ സമകാലികർ തന്നെ അന്വേഷിച്ചത് മറിയയുടെ മകൻ എന്നും ശാസ്ത്രം പഠിക്കാത്തവൻ എന്നും തച്ചന്റെ മകൻ എന്നും ബെയെൽസെബൂലിനെ (ഭൂതങ്ങളുടെ തലവൻ) കൊണ്ട് ഭൂതങ്ങളെ പുറത്താക്കുന്നവൻ എന്നും ചതിയനെന്നും വരെ വിളിച്ചിട്ടുണ്ട്. എന്തിന പറയുന്നു സാക്ഷിയാൽ ഭൂതം കയറിയവൻ പോലും മഹോന്നതനായ ദൈവത്തിന്റെ പുത്രൻ എന്ന് അഭിസംബോധന ചെയ്തു.

ഇന്നും ലോകമെങ്ങും യേശു കർത്താവും അവന്റെ നാമവും പദവിയും ചർച്ചാവിഷയമാണ്. ചിലർ യേശു കർത്താവിനെ മതസ്ഥാപകനായും ചിലർ പ്രവാചകനായും ഇനിയും ചിലർ അവനെ വിപ്ലവകാരിയായും, മറ്റു ചിലർ ഉന്നതനായ ഗുരുവര്യനായും ഒക്കെ ചിത്രീകരിക്കുന്നു. യേശുകർത്താവിന്റെ മരണം കേവലം രക്തസാക്ഷി മരണം മാത്രമായും അവിടം കൊണ്ട് അവൻ തീർന്നു എന്നു വരുത്തിത്തീർക്കാനും ക്രിസ്ത്യാനിത്വത്തിന്റെ ആരംഭം മുതൽ തന്നെ ചിലർ ശ്രമം നടത്തിയിട്ടുണ്ട്. ക്രിസ്ത്യാനിത്വത്തിന്റെ ഏറ്റവും വലിയ ശത്രു പിശാചാണെന്നു ബൈബിൾ പറയുന്നു. ശക്തി ശാലിയായ പിശാച് ഇന്നും ചിലരിലൂടെ ഒക്കെ യേശു ക്രിസ്തുവിനെ ഒരു സാധാരണ മനുഷ്യനായും ചിലരിലും അധമനായും അവന്റെ മരണം ഒരു സാധാരണ മരണമായും ചിത്രീകരിക്കുവാനുള്ള ശ്രമം തുടർന്നു പോരുന്നു. എന്നാൽ ഇതൊന്നും കൊണ്ട് യേശു ക്രിസ്തുവിന്റെ മഹത്വത്തിനോ ജനകോടികൾക്ക് അവനിലുള്ള അചഞ്ചലമായ വിശ്വാസത്തിനോ ഭംഗം വരികയില്ല.

മറുരൂപ മലയിൽ തന്റെ ശിഷ്യൻമാരായ പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരുമായി പ്രാർത്ഥിപ്പാൻ പോയ യേശു കർത്താവ്, പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ അവരുടെ മുമ്പിൽ പെട്ടെന്ന് രൂപാന്തരപ്പെട്ടു. അവൻ സൂര്യനെപോലെ ശോഭിച്ചു. വസ്ത്രം മിന്നുന്ന വെണ്മയായി തീർന്നു. അപ്പോൾ പഴയ നിയമ ഭക്തരായ മോശയും, ഏലിയാവും അവനോടു സംസാരിക്കുന്നതായി അവർ കണ്ടു. പെട്ടെന്നുള്ള വിഭ്രമത്തിൽ ചാടിയെഴുന്നേറ്റ് പത്രോസ്, "കർത്താവേ, നാം ഇവിടെ ഇരിക്കുന്നത് നല്ലത്; നിനക്കു സമ്മതമെങ്കിൽ ഞാൻ ഇവിടെ മൂന്നു കൂടിൽ ഉണ്ടാക്കാം. ഒന്നു നിനക്കും ഒന്നു മോശെക്കും ഒന്ന് ഏലിയാവിനും" എന്നു പറഞ്ഞു. പത്രോസ് ഇതു പറയുമ്പോൾ തന്നെ പ്രകാശമുള്ള ഒരു മേഘം അവരുടെ മേൽ നിഴലിട്ടു. മേഘത്തിൽ നിന്നും, "ഇവൻ എന്റെ പ്രിയ പുത്രൻ; ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു, ഇവനു ചെവി കൊടുപ്പിൻ" എന്നൊരു ശബ്ദം ഉണ്ടായി. അപ്പോൾ സമ്പൂർണ ക്രിസ്തുവിനെ മറ്റു പ്രവാചക ശ്രേഷ്ഠർക്കൊപ്പം കൂട്ടിയിരുത്തുവാനുള്ള ശ്രമം പത്രോസ് നടത്തിയപ്പോൾ ഉടൻ തന്നെ സ്വർഗ്ഗം ഇടപെടുകയാണ്. ഇവൻ മറ്റാരെയും പോലെയല്ല, ഇവൻ മറ്റാർക്കും സമനായവനും അല്ല. ഇവൻ വ്യത്യസ്തനാണ്. ഇവൻ എന്റെ പ്രിയ പുത്രനാണ്.

അതെ, വിശുദ്ധ വേദപുസ്തകം വെളിപ്പെടുത്തുന്ന യേശു ദൈവപുത്രനാണ്; സാക്ഷാൽ ദൈവമാണ്. അവൻ മാനവരാശിയുടെ രക്ഷിതാവും വീണ്ടെടുപ്പുകാരനുമാണ്. അവന്റെ ജനനം, ജീവിതം, ഉപദേശം ഇവയെല്ലാം നിസ്തുലമാണ്. അവന്റെ മരണം രക്തസാക്ഷി മരണം അല്ലായിരുന്നു, പ്രായശ്ചിത്ത ബലിയായിരുന്നു.

ലോകത്തിലെ സകല മനുഷ്യരും ജീവിക്കുവാനായി ഭൂമിയിൽ പിറക്കുന്നു. അത് പ്രത്യേകിച്ച് മുന്നറിയിപ്പ് ഒന്നുമില്ലാതെ യാദൃച്ഛികമായി ജനിക്കുന്നു. മുന്നറിയിപ്പൊന്നുമില്ലാതെ പെട്ടന്ന് അവർ മരിച്ചു മൺമറയുകയും ചെയ്യുന്നു.

ഇവരിൽ പലരും ജീവൻ വെടിയുന്നത് മനസ്സോടെയല്ല.
നിവൃത്തിയില്ലാത്തതിനാൽ മരിച്ചു. അപൂർവ്വം ചിലർ
മനസ്സോടെ രക്തസാക്ഷികൾ ആയിട്ടുണ്ടെന്നു സമ്മതിക്കുന്നു.
അത് ലോകം അവരെ ജയിക്കുവാൻ അനുവദിക്കാത്തതു
കൊണ്ടായിരുന്നു.

എന്നാൽ, യേശു കർത്താവിന്റെ ജനനം മുന്നറിയിക്കപ്പെട്ടതും മുന്നൊരുക്കപ്പെട്ടതും ആയിരുന്നു. അവന്റെ മരണവും അങ്ങനെ തന്നെ. യേശുക്രിസ്തുവിന്റെ ജനനത്തിനു അനേക വർഷങ്ങൾക്കു മുമ്പേ തന്നെ അവന്റെ മരണം ഏതുവിധം ആയിരിക്കും എന്ന് പ്രവചിക്കപ്പെട്ടു. യെശയ്യാവ് 53; സങ്കീർത്തനം 22 എന്നീ വേദഭാഗങ്ങളിലും കൂടാതെ അനേകം വേദഭാഗങ്ങളിലും അവന്റെ മരണവിധം ഏതു വിധം ആയിരിക്കും എന്നു മുന്നറിയിപ്പു നൽകി. യേശുക്രിസ്തുവിന്റെ മരണം മുന്നറിയിച്ച പ്രവാചകർ തന്നെ അവന്റെ ഉയിർത്തെഴുന്നേൽപ്പും സ്വർഗ്ഗാരോഹണവും മടങ്ങിവരവും പ്രവചിച്ചു. യേശു തന്നെ തന്റെ ഉയിർപ്പിനെ കുറിച്ചും മടങ്ങിവരവിനെ കുറിച്ചും വ്യക്തമായി തന്റെ ശിഷ്യൻമാർക്ക് മുന്നറിയിപ്പ് നൽകി.

വിശുദ്ധ ബൈബിളിൽ ശ്രീയേശുക്രിസ്തുവിനെക്കുറിച്ചുള്ള രേഖകൾ ഇങ്ങനെ ആയിരിക്കെ ശ്രീബുദ്ധനും ശ്രീഗാന്ധിക്കും ശ്രീമുഹമ്മദ് നബിക്കും ശ്രീനാരായണ ഗുരുവിനും, കാൾ മാർക്സിനും ലെനിനും എംഗൽസിനും പ്രകാശ്‌കാരാട്ടിനും പിണറായിക്കും വരെ തുല്യനായി യേശുക്രിസ്തുവിനെ ചിത്രീകരിക്കുമ്പോൾ, വന്ദ്യനായവനെ, സർവ്വസൃഷ്ടിക്കും ഉടമയായവനെ, സർവ്വാധികാരിയായവനെ നിസ്സാരനായ മനുഷ്യനു തുല്യനാക്കുകയും അവർ സ്വയം ദൈവമാകുവാൻ പരിശ്രമിക്കയും ചെയ്യുകയാണ്. ഇതുകൊണ്ടൊന്നും യേശുക്രിസ്തുവിന്റെ വിലയിടിക്കുവാനും അവന്റെ ഭക്തർക്ക് അവനിലുള്ള വിശ്വാസം കുറയ്ക്കുവാനും കഴിയുകയില്ല. കാരണം, മനുഷ്യൻ പുകഴ്ത്തിയും വാഴ്ത്തിയും വളർത്തിയ ഒരു മനുഷ്യനല്ല യേശു. അവന് ആരുടെയും സർട്ടിഫിക്കറ്റ് വേണ്ട, സംരക്ഷണവും വേണ്ട.

'യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേൽപ്പിച്ചു എന്നു ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ 10:9). വിശുദ്ധ വേദപുസ്തകത്തിലെ അലംഘനീയമായ പ്രമാണമാണിത്. യേശു നല്ലവനാണെന്നും സത്യവാനാണെന്നും ശ്രേഷ്ഠ ഗുരുവാണെന്നും പ്രവാചകൻ ആണെന്നും വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നവർ പോലും യേശു മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനു പരിഹാരമായി [illegible] ബലിയായി മരിച്ചു എന്നും അവൻ ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നു എന്നും ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും ന്യായം വിധിപ്പാൻ അവൻ മടങ്ങിവരും എന്നും വിശ്വസിക്കുന്നില്ല.

പ്രിയരെ, ഒന്നുകിൽ യേശു പറഞ്ഞത് എല്ലാം സത്യം, അല്ലെങ്കിൽ താൻ പറഞ്ഞതെല്ലാം കള്ളം! യേശു സത്യവാൻ ആണെന്നു പറയുന്നവർ, വിശ്വസിക്കുന്നവർ, എന്തുകൊണ്ട് "ഞാൻ - തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു" എന്ന് യേശു പറഞ്ഞത് വിശ്വസിക്കുന്നില്ല. "ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു" എന്ന് പറഞ്ഞത് വിശ്വസിക്കുന്നില്ല. "മനുഷ്യപുത്രൻ ശുശ്രൂഷ ഏല്ക്കുവാനല്ല, ശുശ്രൂഷിക്കുവാനും അനേകർക്കുവേണ്ടി തന്റെ ജീവൻ മറുവിലയായി കൊടുപ്പാനും അത്രേ വന്നത്" എന്നു പറഞ്ഞത് വിശ്വസിക്കാത്തത് എന്താണ്?

യേശുക്രിസ്തുവിന്റെ ലോകജീവിത വേളയിൽ പുരുഷാരം യേശുവിനെക്കുറിച്ച് പറഞ്ഞപ്പോൾ, യേശുവിന് അറിയേണ്ടിയിരുന്നത് നിങ്ങൾ അഥവാ ശിഷ്യന്മാർ - തന്നെ - അനുഗമിക്കുന്നവർ - എന്നെക്കുറിച്ച് എന്തു പറയുന്നു എന്നായിരുന്നു. അവർ അവനെ ജീവനുള്ള ദൈവത്തിന്റെ പുത്രൻ എന്നും പാപപരിഹാരാർത്ഥമായി തീരേണ്ടവൻ എന്നും അംഗീകരിച്ചപ്പോൾ യേശു തൃപ്തനായി. എന്നാൽ ഇന്നത്തെ ക്രിസ്ത്യാനികളിൽ പലർക്കും യേശു ആരെന്ന് അറിയില്ല എന്നതാണ് ഏറ്റവും വിചിത്രമായ വസ്തുത. അന്യൻ -

ആനയെ തപ്പിയപ്പോൾ മുറം എന്നും ഉരൽ എന്നും ഒക്കെ വിളിച്ചു പറയുന്നതു പോലാണിത്. ഈയടുത്തകാലത്തു നടന്ന വിവാദ ചർച്ചകളിൽ യേശുക്രിസ്തുവിനെക്കുറിച്ച് ചില പുരോഹിത ശ്രേഷ്ഠരും ക്രിസ്ത്യാനികളെന്ന് അഭിമാനിക്കുന്ന ചില നേതാക്കൻമാരും പറയുന്ന വാക്കുകൾ കേട്ടപ്പോൾ, ഇവർ പറയുന്നത്, ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമെ എന്ന യേശു കർത്താവിന്റെ വാക്കുകൾ ഓർത്തുപോയി.

മുസ്ലീം കുടുംബത്തിൽ ജനിക്കുന്ന ഒരു കുട്ടിക്ക് മുഹമ്മദ് നബിയെക്കുറിച്ച് അറിയേണ്ടതെല്ലാം അറിയാം. അവൻ ഏതു പാർട്ടിയിൽ വിശ്വസിക്കുന്ന ആളായാലും തങ്ങളുടെ പ്രവാചകനെ-ക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ പറയുകയില്ല. കാരണം, അവരുടെ മതഗ്രന്ഥമായ ഖുറാന്റെ അടിസ്ഥാന തത്വങ്ങൾ പഠിച്ചാണ് അവർ വളരുന്നത്. എന്നാൽ ക്രിസ്ത്യാനി എന്നു പേരുള്ളവരെ നോക്കു, ഏതു വിശ്വാസ കാര്യത്തിലും നാലു അഭിപ്രായമാണ് അവർക്ക്. ഏക കർത്താവും ഏക രക്ഷിതാ-വും ആയ യേശു കർത്താവിനെക്കുറിച്ചുള്ള അഭിപ്രായവും അവർക്ക് അങ്ങനെ തന്നെ. ചാനൽ ചർച്ചകളിലും പത്രമാധ്യമങ്ങളിലൂടെയും യേശു കർത്താവിനെക്കുറിച്ച് വിവരക്കേട് പറയുന്ന സുറിയാനി-ക്രിസ്ത്യാനികളെ കാണുമ്പോൾ തെറ്റ് അവരുടേതല്ല എന്ന് ഓർക്കണം. യേശു കർത്താവിനെ കുറിച്ച് വിശുദ്ധ ബൈബിൾ വെളിപ്പെടുത്തുന്ന ആത്മീയ സത്യങ്ങൾ (ആധികാരിക രേഖ അതു മാത്രം) അവരെ പഠിപ്പിക്കാതെ, സഭാ പാരമ്പര്യവും സുന്നഹദോസിന്റെ തീരുമാനങ്ങളും പിന്നെ കന്യാമറിയാമിനെ-ക്കുറിച്ചും എണ്ണമറ്റ വിശുദ്ധൻമാരെക്കുറിച്ചും ബാവാന്മാരെ ക്കുറിച്ചും സഭകളുടെ പ്രാമാണികത്വത്തെക്കുറിച്ചും മാത്രം പഠിപ്പിച്ചു വിട്ടാൽ ഇവർ ഇങ്ങനെ പറഞ്ഞില്ലെങ്കിലേ അത്ഭുതപ്പെടേണ്ടതുള്ളൂ. പെന്തക്കോസ്തരോട് ഒരു വാക്ക്, നിങ്ങളുടെ തലമുറ യേശുവിനെ അറിയേണ്ട വിധത്തിൽ അറിയുവാൻ അവരുടെ ബാല്യ പ്രായത്തിൽ തന്നെ യേശു കർത്താവിനെ കുറിച്ച് തിരുവെഴുത്തിൽ എഴുതിയിരിക്കുന്നതു പോലെ പഠിപ്പിക്കുക.




ഒന്ന് ശ്രദ്ധിക്കുമോ !

വിശ്വാസ ജീവിതത്തിൽ നിന്നും പിൻമാറ്റത്തിലേക്ക് വഴുതി പോയിട്ടുണ്ടെങ്കിൽ, അത് അറിയാതെ യാത്ര ചെയ്യുന്നുവെങ്കിൽ... താഴെ പറയുന്ന കാര്യങ്ങൾ ഒന്നു ശ്രദ്ധിക്കുമോ... "ജോൺ ബനിയൻ്റെ പരദേശി മോക്ഷയാത്ര" എന്ന പുസ്തകത്തിൽ നിന്നും...

## ഒന്ന് ശ്രദ്ധിക്കുമോ !

വിശ്വാസ ജീവിതത്തിൽ നിന്നും പിൻമാറ്റത്തിലേക്ക് വഴുതി പോയിട്ടുണ്ടെങ്കിൽ, അത് അറിയാതെ യാത്ര ചെയ്യുന്നുവെങ്കിൽ ... താഴെ പറയുന്ന കാര്യങ്ങൾ ഒന്നു ശ്രദ്ധിക്കുമോ... "ജോൺ ബനിയന്റെ പരദേശി മോക്ഷയാത്ര" എന്ന പുസ്തകത്തിൽ നിന്നും ...

i ദൈവത്തെയും അന്ത്യത്തെയും വരുവാനിരിക്കുന്ന ന്യായവിധിയെയും കുറിച്ചുള്ള ഓർമ്മയിൽ നിന്നു തങ്ങളുടെ വിചാരങ്ങൾ തങ്ങളാലാകും വണ്ണം വിലക്കി കളയുന്നു.

ii രഹസ്യ പ്രാർത്ഥന കഴിക്കുക, ദുർമോഹങ്ങളെ അടക്കുക, ജാഗരണം ചെയ്യുക, പാപത്തിനായി ദുഃഖിക്കുക മുതലായ തങ്ങളുടെ രഹസ്യമായ മുറകളെ ക്രമേണ ഉപേക്ഷിച്ചു കളയുന്നു.

iii ജാഗ്രതയും ശുഷ്കാന്തിയുമുള്ള ക്രിസ്ത്യാനികളുടെ സംസർഗ്ഗം പരിത്യജിക്കുന്നു.

iv അതിന്റെ ശേഷം ദൈവവചനം വായിക്കുക, കേൾക്കുക, ഭക്തിപരമായ കാര്യങ്ങൾ സംസാരിക്കുക മുതലായ പരസ്യ മുറകളിലും അനാസ്ഥ കാണിക്കുന്നു.

v. വിശ്വാസത്തെ ഉപേക്ഷിക്കുന്നതിന് ഒരു ഹേതു അവർക്കുണ്ടാകേണ്ടതിനായി ദൈവഭക്തിയുള്ളവരുടെ പേരിൽ എന്തെങ്കിലും തെറ്റു കണ്ടു പിടിച്ച് അവരെ കുറ്റം പറയുന്നതിന് ശ്രമിക്കുന്നു.

vi ജഡികന്മാരും ദുർമാർഗികളും ദുർമോഹികളുമായുള്ള മനുഷ്യരോട് ചേർന്ന് അവരുമായി സംസർഗ്ഗം ചെയ്യുന്നു.

vii പിന്നെ ജഡികവും മോഹപരവുമായ കാര്യങ്ങൾ രഹസ്യത്തിൽ സംസാരിക്കുകയും പരമാർത്ഥികരെന്നു വിചാരിക്കുന്ന ആരിലെങ്കിലും അങ്ങനെയുള്ള കാര്യങ്ങൾ അവർ കാണുന്നുവെങ്കിൽ സന്തോഷിക്കുകയും ചെയ്യുന്നു.

അതു അവരെ കൂടുതൽ ദുഃഖിതരാക്കുന്നു.

viii ഇതിന്റെ ശേഷം ചില പാപങ്ങൾ ചെറിയവയെന്നു വിചാരിച്ചു പരസ്യമായി ചെയ്തു തുടങ്ങുന്നു.

ix അവർ കഠിനഹൃദയന്മാരായിത്തീർന്നു തങ്ങളുടെ യഥാർത്ഥമായ അവസ്ഥയെ മുഴുവനും മറക്കപ്പെടുന്നു. ദൈവത്തിന്റെ അത്ഭുതമാർന്ന കരുണ മൂലം അവർ വിടുവിക്കപ്പെടുന്നില്ലെങ്കിൽ അവർ അരിഷ്ടതയുടെ അഗാധത്തിൽ പിന്നെയും മുങ്ങി തങ്ങളുടെ സ്വന്ത വഞ്ചനകൾ മൂലം എന്നേക്കും നശിച്ചു പോകുകയും ചെയ്യുന്നു. മേൽ ഉദ്ധരിച്ച് വാക്യങ്ങൾ വച്ച് മറ്റുള്ളവരുടെ പിൻമാറ്റത്തെ അളക്കുവാനല്ല, മറിച്ച് സ്വന്തത്തിലേക്ക് ശ്രദ്ധിക്കുവാൻ വളരെ വിശേഷമായും നിത്യതയിൽ പ്രവേശിക്കുവാൻ വേണ്ടിയത്രേ....

അഗാപെ ലൈബ്രറി..

ക്രിസ്തീയ ജീവിതയാത്രയിൽ നിങ്ങൾക്ക് വഴികാട്ടിയായിത്തീരുവാൻ തിരഞ്ഞെടുത്ത പുസ്തകങ്ങളുടെ ഒരു ചെറിയ ശേഖരം. വായിച്ചു തിരിച്ചേൽപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക.

agape.magasine@gmail.com
050-3243161



# നിക്കോദിമോസ് [നിർഭയം]





ബെന്നി ജോർജ്ജ്, മണലി.

സാഹചര്യങ്ങളെയും, പാരമ്പര്യത്തെയും, സമൂഹത്തെയും സമുദായത്തെയും അവൻ ഭയപ്പെട്ടില്ല. അവന്റെ സ്ഥാനമാനങ്ങളെയും അംഗീകാരങ്ങളെയും അവൻ ഓർത്തില്ല. യേശുവിന്റെ അന്ത്യ സമയത്ത് സ്വന്തം ശിഷ്യൻമാരെല്ലാം ഭയപ്പെട്ട് ഒളിച്ചിരിക്കുമ്പോൾ അരിമത്യാക്കാരനായ ജോസഫിനോടൊപ്പം വളരെയധികം വിലമതിക്കുന്ന സുഗന്ധദ്രവ്യങ്ങളുമായി പീലാത്തോസിന്റെ സമ്മതം വാങ്ങി യഹൂദന്മാരെയോ, പ്രമാണികളെയോ, പുരോഹിതന്മാരെയോ ഭയപ്പെടാതെ, യേശുവിന്റെ ശരീരം അടക്കി. അന്ന് നിക്കോദിമോസ് യഥാർത്ഥമായി വീണ്ടും ജനിച്ചിരുന്നു.

# നിക്കോദിമോസ് (നിബന്ധം)

. ബെന്നി ജോർജ്ജ്. മണലി.

എങ്ങും ഇരുട്ട് വീണു തുടങ്ങി. വിജനമായ വഴിയിലൂടെ അയാൾ നീട്ടി പിടിച്ചു നടന്നു. തന്റെ നെടുങ്കൻ ളോഹ പൊടിയിൽ തട്ടാതെ ഒരു കൈകൊണ്ട് അത് ഉയർത്തിപിടിച്ച് മറുകയ്യിൽ റാന്തൽ വിളക്ക് അൽപം മാത്രം തെളിച്ച് ആരാലും ശ്രദ്ധിക്കപ്പെടാതെ അയാൾ നടന്നു. വഴിയിലാരും തന്നെ, ശ്രദ്ധിക്കുന്നില്ല എന്നു അയാൾ ഉറപ്പു വരുത്തി. തന്റെ തോൽ ചെരിപ്പ് നടക്കിടെ ചെറുകല്ലിൽ തട്ടുന്നുണ്ടായിരുന്നു. അത് പാദങ്ങളെ വല്ലാതെ വേദനിപ്പിച്ചു. തന്റ് നെറ്റിയിലൂടെ വീഴുന്ന വിയർപ്പു കണങ്ങൾ തന്റെ നീണ്ട വെളുത്ത താടിയിലൂടെ ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു. അയാൾ അത് കൈതലം കൊണ്ടു തുടച്ചു. പതിവില്ലാത്ത നടത്തം, അശ്വം വാഹനവും പരിചാരകരുമില്ലാതെ, ആ അല്പമല്ല ബുദ്ധിമുട്ടുണ്ടാക്കിയത്. എങ്കിലും ആ വീടിനെ ലക്ഷ്യമാക്കി അയാൾ നടന്നു. ലക്ഷ്യം ആ മലഞ്ചെരുവിലെ ചെറിയ വീടായിരുന്നു. ആ വീട്ടിൽ നിന്നും അരിച്ചിറങ്ങുന്ന വെളിച്ചം ദൂരത്തു നിന്നും അയാൾ കണ്ടു.

എന്നാൽ ആ അതിഥിയെ പ്രതീക്ഷിച്ച് ഒരാൾ കാത്തു നിൽക്കുന്നുണ്ടായിരുന്നു. ആ വീട്ടിൽ അതിഥിക്കായി ഭക്ഷണം കരുതി. മറ്റു വാതായനങ്ങളെല്ലാം അടച്ച് ദുർവചനങ്ങളെ ദുർവചനങ്ങളെ വ തുറന്നിട്ടു കാത്തിരുന്നു.

യേശുവിന്റെ ദൈവത്വവും ആത്മത്വവും മഹത്വവും തിരിച്ചറിഞ്ഞ നിക്കോദിമോസ് യേശുവിനെ തേടിയെത്തിയത് ആ രാത്രിയിലായിരുന്നു. അന്ന നിക്കോദിമോസ് യേശുവിനെ തേടിയിറങ്ങി. അനേക ദിനങ്ങളായി അന്വേഷിത്തിന്റെ മനസ്സ് കത്തുകയായിരുന്നു. ആ മുഖം അന്വേഷിതത്തെ ആകർഷിച്ചിരുന്നു. വശീകരിച്ചിരുന്നു. ഉറക്കമില്ലാത്ത രാത്രിയിൽ നിക്കോദിമോസ് ഒന്നു തീരുമാനിച്ചു. അവനെ ഒന്നു കാണണം. കാരണം അവൻ—




കേവലം ഒരു തച്ചന്റെ മകനല്ല.
അവൻ ഒരു പ്രവാചകനാകാം എന്നു
ഗ്രഹിച്ചിരുന്നു.
ആരായിരുന്നു നിക്കോദിമോസ്?
യേശുവിന്റെ സമകാലികനായി
ജീവിച്ചിരുന്ന, പരീശനായ സൻഹെദ്രിൻ
സംഘത്തിലെ അംഗമായ, ഗമാലിയേലിന്റെ
സമകാലികനായ നിയമ പണ്ഡിതനും
സമ്പന്നനും, അദ്ധ്യാപകനും ആയ ഒരു
വലിയ ധനികൻ. അദ്ദേഹം യേശുവിന്റെ
നിശ്ശബ്ദ ആരാധകനും, പ്രവർത്തികൾ
സസൂക്ഷ്മം വീക്ഷിച്ചിരുന്നതുമായ ആളായിരുന്നു.
യേശുവിനെക്കുറിച്ച് വളരെയധികം മുൻവിധികളുള്ള
ഒരു നല്ല മനുഷ്യൻ. യഹൂദ - പരീശ - സദുക്യ - ഹേരോദ്യ
കാരെല്ലാം യേശുവിനെ സംശയത്തോടെയും ശത്രുത
യോടു നോക്കിയപ്പോൾ യേശുവിലെ ദൈവ സാന്നിധ്യം
മനസിലാക്കിയ ഒരു പ്രമാണി. സ്ഥാനമാനങ്ങളും,
അറിയപ്പെടുന്ന പ്രശസ്തിയും, ദൈവശാസ്ത്ര പണ്ഡിതനെ
ന്നതോ ആണോ നിക്കോദിമോസ് എന്ന പ്രമാണിയെ
യേശുവിനെ പരസ്യമായി അംഗീകരിക്കുന്നതിൽ നിന്ന് വിലക്കിയത്.
സമൂഹം നൽകിയ പദവികൾ, സ്ഥാനങ്ങൾ
ഇവയൊക്കെയാവാം നിക്കോദിമോസിനെ യേശുവെന്ന ലോകരക്ഷക-
ൽ നിന്നും അകറ്റിയത്? വിലക്കിയത്? വേർതിരിച്ചത്?
അവൻ വിശ്വസിക്കുന്ന മതത്തിന്റെ അവൻ
തലമുറയായി ഉയർത്തുന്ന യഹൂദ വിശ്വാസം, അതെ അവനെ
യേശുവിനെ പരസ്യമായി അംഗീകരിക്കുന്നതിൽ നിന്നും വിലക്കി.
നിക്കോദിമോസിന്റെ ഉന്നതമായ വിദ്യാഭ്യാസവും ജ്ഞാനവും
യേശുവിൽ നിന്നും അവനെ അകറ്റി.
ചരിത്രം പറയുന്നത് നിക്കോദിമോസ് അതിസ-
മ്പന്നനായിരുന്നുവെന്ന്. അതെ അവന്റെ സമ്പത്താകാം-

യേശുവിൽ നിന്നും അകറ്റിയത്. മുന്തിയ വസ്ത്രം
ധരിച്ച് സാധാരണക്കാരിൽ ഒരുവനായി അവരുടെ
പ്രശ്നങ്ങളിൽ സഹാനുകമ്പ കാണിക്കുന്ന യേശുവിനെ
പരസ്യമായി അംഗീകരിക്കുവാൻ നിക്കോദിമോസിനായില്ല.
സമൂഹം അവനു കല്പിക്കുവാൻ പോകുന്ന തിരസ്കരണം
അവൻ മുൻകൂട്ടി കണ്ടിരിക്കാം, അവന്റെ സ്ഥാനമാനങ്ങൾ
അംഗീകാരങ്ങൾ, സമൂഹ, സഭാ തിരസ്കരണം, അവഹേളി-
ത്തെ അലട്ടിയിട്ടുണ്ടാകാം. തന്റെ ജീവനെക്കുറിച്ച് ഭീതി
യാകാം മറ്റൊരു കാരണം. നിക്കോദിമോസിന്റെ
കുടുംബ പാരമ്പര്യങ്ങൾ, പശ്ചാത്തലം, ബന്ധങ്ങൾ,
ഇവയെല്ലാം കാരണങ്ങളാണ്. പദവി ശ്രേഷ്ഠത മറ്റൊന്നാകാം.

യേശുവിന്റെ പരസ്യവിമർശനങ്ങൾ യഹൂദ
സമൂഹത്തിലുള്ള അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ,
സമ്പ്രദായങ്ങൾ എന്നിവയ്ക്ക് എതിരായിരുന്നു. ധാരാളം
ശത്രുക്കളുള്ള യേശുവിനെ സ്വീകരിക്കുന്നത് മൂലം
അവരുടെ ശത്രുത സമ്പാദിക്കുന്നതാകാം യേശുവിനെ
പരസ്യമായി സ്വീകരിക്കുന്നതിൽ നിന്നും നിക്കോദിമോസിനെ-
വിലക്കിയത്.

എന്റെ വർഷങ്ങളുടെ
പ്രവാസ ജീവിതത്തിൽ ഞാൻ ഇത്
പോലെയുള്ള അനേകം നിക്കോദിമോസു
മാരെ കണ്ടിട്ടുണ്ട്. വിശ്വസിക്കപ്പെട്ടവർ,
വേർപാടുള്ളവർ, ഭക്തർ, ദൈവ-
വേലക്കായി ചിലവിടുന്നവർ, ദശാംശം
കൃത്യമായി കൊടുക്കുന്നവർ, സ്നാനം
ഏറ്റ് തിരുമേശയിൽ സംബന്ധിക്കുന്ന
വർ, എന്തിനധികം വചനം പ്രസംഗി-
ക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ.
എന്നാൽ എന്നെ വളരെ അത്ഭുതപ്പെടു-
ത്തിയ ഒരു കാര്യം ഞാൻ വായിച്ചത് പ്രവാസ കാലത്തിൽ -



മുഖ്യം നടത്തുന്നു എന്നുള്ളതാണ്.

സ്വന്തം കുഞ്ഞിനെ മഠത്തിലാക്കുന്നവർ, വീടു കൂടാരം ചെയ്യുന്നവർ, വെള്ള വസ്ത്രത്തെ വെറുക്കുന്നവർ,

സ്വന്ത ദേശത്തെ പാസ്റ്റർമാരെയും സഭാ ശുശ്രൂഷകരെയും വെറുക്കുന്നവർ. വിദേശത്ത് ഇക്കൂട്ടർ പാസ്റ്റർമാരെയോ ശുശ്രൂഷകരെയോ സ്വന്തഭവനത്തിൽ പാർപ്പിക്കുന്ന ഇക്കൂട്ടർക്ക്, അവരെ ഭയമാണ്. പിടി കൊടുക്കാറില്ല. ചിലരാകട്ടെ തിരിച്ച് പള്ളിയിൽ പോകുന്നു. ചിലർ അതു ഒഴിവാക്കുന്നു. സ്വന്ത നാട്ടിലെത്തിയാൽ ഊരിയ ആഭരണം ധരിക്കുന്നവരുമുണ്ട്. ഈ കൂട്ടരാണ് പ്രവാസ ജീവിതത്തിലുള്ള ആധുനിക നിക്കോദിമോസുകൾ.

നിക്കോദിമോസ് യേശുവിനെ കണ്ടപ്പോൾ അവരുടെ ആ അഭിമുഖത്തിൽ നിന്നും നമുക്കു പലതും മനസ്സിലാക്കാം. യേശുവിനെ അവൻ വിളിക്കുന്നത് റബ്ബി എന്നാണ്. വെറുമൊരു തച്ചന്റെ മകനെ റബ്ബി എന്നു വിളിച്ചിരിക്കുന്നു. അതെ യേശുവിനെ അവന് യഥാർത്ഥമായി അറിയാമായിരുന്നു. യേശു ദൈവത്തിൽ നിന്നുള്ളവനെന്നും യേശുവിന്റെ പ്രവൃത്തികളെല്ലാം ദൈവികമാണെന്നും അവൻ അറിഞ്ഞി-രുന്നു. എന്നാൽ അവനെ അറിയുന്ന ഉള്ളങ്ങളെ അറിയുന്ന യേശു അവനോട് വീണ്ടും ജനിക്കുവാനാണ് ആവശ്യപ്പെടുന്നത്. അതെ എല്ലാ പുറംമോടിയും, ആചാരങ്ങളും മാറി വീണ്ടും ജനിക്കുവാൻ. അമ്മയുടെ ഉദരത്തിൽ വീണ്ടും കയറണമോ എന്ന ബാലിശമായ, പുച്ഛമോ, ദേഷ്യത്തോടെയോ ഉള്ള ചോദ്യത്തെ യേശു നീ വെള്ളത്താലും ആത്മാവിനാലും ജനിക്കണമെന്ന വ്യക്തമായ ഉത്തരം നൽകി മനസ്സിലാക്കുന്നു.

അതെ നമ്മെ ബാധിച്ചിരിക്കുന്ന ഈ നിക്കോദി-മിയൻ സിൻഡ്രോം-ത്തെ നാം ഉരിഞ്ഞ് യഥാർത്ഥമായി വീണ്ടും ജനിക്കണം.

യേശുവുമായുള്ള കൂടികാഴ്ച നിക്കോദിമോസിന്റെ ജീവിതത്തെ ആകെ മാറ്റി മറിച്ചിരുന്നു. യേശുവിനായി രഹസ്യമായല്ല പരസ്യമായി തന്നെ സമർപ്പിച്ചു.
യോഹന്നാൻ 7: 51 - യേശുവിനായി പരസ്യമായി വാദിക്കുന്നു. അങ്ങനെ അവൻ യേശുവിനെ യഥാർത്ഥ രക്ഷകനായി സ്വീകരിച്ചിരുന്നു.

സാഹചര്യങ്ങളെയും, പാരമ്പര്യത്തെയും, സമൂഹത്തെയും സമുദായത്തെയും അവൻ ഭയപ്പെട്ടില്ല. അവന്റെ സ്ഥാനമാനങ്ങളെയും അംഗീകാരങ്ങളെയും അവൻ ഓർത്തില്ല. യേശുവിന്റെ മരണ സമയത്ത് സ്വന്തം ശിഷ്യന്മാരെല്ലാം ഭയപ്പെട്ട് ഒളിച്ചിരിക്കുമ്പോൾ അരിമത്യക്കാരനായ ജോസഫിനോടൊപ്പം വളരെയധികം വിലമതിക്കുന്ന സുഗന്ധദ്രവ്യങ്ങളുമായി പീലാത്തോസിന്റെ സമ്മതം വാങ്ങി യഹൂദ മതത്തെയോ, പ്രമാണികളെയോ, പുരോഹിതരെയോ ഭയപ്പെടാതെ, യേശുവിന്റെ ശരീരം അടക്കി. അങ്ങനെ നിക്കോദിമോസ് യഥാർത്ഥമായി വീണ്ടും ജനിച്ചിരുന്നു.





## പഴയ പാട്ടുകൾ

സാധു കൊച്ചുകുഞ്ഞു ഉപദേശിയുടെ ഗാനങ്ങൾ.

എൻ പ്രിയ രക്ഷകനെ നിന്നെ കാൺമാൻ
വാഞ്ഛയാൽ കാത്തിടുന്നു.

പഴയ പാട്ടുകൾ

സാധു കൊച്ചുകുഞ്ഞു ഉപദേശിയുടെ ഗാനങ്ങൾ.

- പല്ലവി -

എൻ പ്രിയ രക്ഷകനെ നിന്നെ കാൺമാൻ
വാഞ്ഛയാൽ കാത്തിടുന്നു.

- അനുപല്ലവി -

ഹാ, എന്റെ പ്രിയന്റെ പ്രേമത്തെ ഓർക്കുമ്പോൾ
ഹാ എനിക്കാനന്ദം തിങ്ങുന്നു മനസ്സിൽ

- ചരണങ്ങൾ -

താതൻ വലഭാഗത്തിലെനിക്കായി
രാജ്യമൊരുക്കിടുവാൻ
നീ പോയിട്ടേറെ നാളായി അങ്ങോട്ട്
കാത്തു ഞാൻ പാർത്തിടുന്നു
എന്നെ നിന്നിമ്പമാം രാജ്യത്തിൽ ചേർക്കുവാൻ
എന്നു നീ വന്നിടും എന്നാശ തീർത്തിടും (എൻ)

വാട്ടം മാലിന്യമില്ലാത്തവകാശം
പ്രാപിപ്പാൻ തൻ സഭയെ
വാനിലെടുത്തിടുവാൻ
തന്നോടു കൂടൊന്നിച്ചിരുത്തിടുവാൻ
വേഗം നീ വന്നിടുമെന്നുരചെയ്തിട്ടു
താമസമെന്തഹോ ആനന്ദവല്ലഭാ - (എൻ)

ഞാൻ നിന്നെ ധ്യാനിക്കുമ്പോൾ മനോഹിതം
എങ്ങിനെ വർണ്ണിച്ചീടാം
വെൺമയോടു ചുവപ്പും കലർന്നുള്ള
ലക്ഷങ്ങളിലുത്തമൻ
നീ മഹാ സുന്ദരൻ അനുഗ്രഹിക്കത്തക്കോൻ
നീ മതിയേ എനിക്കെന്നേക്കും നിശ്ചയം - (എൻ)

പ്രേമം നിന്നോടധികം തോന്നുമാറെൻ
നാവു രുചിച്ചീടുന്നേ
നാമമതിമധുരം തേൻ കട്ടയേ-ക്കാളുമതി മധുരം
നീ എന്റെ രക്ഷകൻ വീണ്ടെടുത്തോനെന്നെ
നീ എനിക്കുള്ളവൻ ഞാൻ നിനക്കുള്ളവൾ. (എൻ)

# ദൈവത്തെ മാത്രം കാണുക.



ലേഖനം: ബ്രദർ സാജു ജോൺ മാത്യു.

ദൈവവുമായി എപ്പോൾ വ്യക്തിപരമായ ഇടപെടൽ ഉണ്ടാകുമോ അപ്പോൾ നിങ്ങൾ പഴയ താല്പര്യങ്ങളെയും, ആശങ്കകളെയും, ഉത്കണ്ഠകളെയും മറക്കുന്നു. ഒരു ശിഷ്യനായി തീരുമ്പോൾ യേശു അവനെയും അവന്റെ സാധാരണ ജീവിതത്തിന്റെയും ഇടയിൽ ആണ്.

# ദൈവത്തെ മാത്രം കാണുക.

ലേഖനം: ബ്രദർ സിജു ജോൺ മാത്യു.

വായനാഭാഗം: ഉല്പത്തി 12: 1-9.

"യഹോവ അബ്രാമിനോട് അരുളിച്ചെയ്തതെന്തെന്നാൽ; നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ട് പുറപ്പെട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക. [ഉല്പത്തി 12:1]

യാത്ര എന്നത് മൂന്ന് വിധത്തിലുള്ള പ്രവൃത്തിയാണ്. യഥാർത്ഥ സ്ഥലം ഉപേക്ഷിക്കുക, തിരഞ്ഞെടുക്കപ്പെട്ട സ്ഥലത്തേക്ക് പുറപ്പെടുക, എത്തേണ്ടിടത്ത് എത്തിച്ചേരുക. യാത്ര എന്നത് മുന്നേറിക്കൊണ്ടിരിക്കുന്ന ഒരു പ്രവൃത്തിയാണ്. വിടാതെ പോകുവാൻ കഴിയുകയില്ല. പോകുവാൻ കഴിയുന്നില്ലെങ്കിൽ എത്തിച്ചേരുവാൻ കഴിയുകയില്ല.

മദ്യപാനികളായ രണ്ടുപേർ അക്കരെയുള്ള തങ്ങളുടെ ഭവനത്തിൽ പോകേണ്ടതിനായി രാത്രിയിൽ വള്ളത്തിൽ യാത്ര തിരിച്ചു. വള്ളം തുഴഞ്ഞു. പത്ത് മിനിട്ടുകൊണ്ട് എത്തിച്ചേരേണ്ടിടത്ത് നേരം വെളുത്തിട്ടും എത്തിച്ചേർന്നില്ല. വള്ളത്തിൽ കയറുന്ന സമയത്ത് വള്ളം കരയോട് ചേർത്തു കെട്ടിയിരുന്ന കയർ അവർ അഴിക്കാഞ്ഞതുമൂലം എത്തിച്ചേരേണ്ടിടത്ത് ചെന്നെത്തുവാൻ സാധ്യമായില്ല.

ദൈവം അബ്രാമിനെ വിളിച്ചപ്പോൾ തന്റെ ബന്ധങ്ങളെ അഴിച്ചുമാറ്റുവാനാണ് ആദ്യം പറഞ്ഞത്. സ്വദേശം ദേശം വിടുക. നിന്റെ ജനത്തെയും, പിതൃഭവനത്തെയും വിടുക. [വാക്യം: 1]


കനാനിലേക്കുള്ള പുറപ്പാട് തുടങ്ങിയത് അബ്രാം അല്ലായിരുന്നു. തന്റെ പിതാവായ തേരഹ് ആയിരുന്നു. "തേരഹ് തന്റെ മകനെയും, ഹാരാന്റെ മകനും തന്റെ കൊച്ചുമകനുമായ ലോത്തും, തന്റെ മരുമകളും അബ്രാമിന്റെ ഭാര്യയും ആയ സാറായിയും കൂടി കല്ദയരുടെ -

പട്ടണമായ ഊരിൽ നിന്നും കനാനിലേക്ക് യാത്ര തിരിച്ചു." [ഉല്പത്തി: 11:31]

ദൈവം അബ്രഹാമിനോട് പറഞ്ഞിട്ടോ, ദൈവിക ഇടപെടൽ ഉണ്ടായിട്ടോ അല്ല അബ്രാം ഊരു വിട്ടത്. ഇടയൻമാർ എന്ന നിലയിൽ കന്നുകാലികൾക്ക് നല്ല മേച്ചിൽ ഉണ്ടാക്കേണ്ടതിന് തങ്ങളുടെ ഗോത്രത്തെ വിട്ട് യാത്ര പുറപ്പെട്ടു. [ഉല്പത്തി 46:34] ഒരു നല്ല പുൽത്തകിടിയിലേക്കുള്ള അവരുടെ യാത്രയിൽ ഒരു പ്രശ്നങ്ങളും ഉണ്ടായിരുന്നു. എന്നാൽ എന്ത് സംഭവിച്ചു.? "എന്നാൽ അവർ ഹാരാനിൽ എത്തിയപ്പോൾ അവിടെ ഉറച്ചു. [ഉല്പ: 11:31].

എന്തുകൊണ്ടാണ് കനാനിലേക്കുള്ള യാത്രയിൽ അബ്രാം ഹാരാനിൽ ഉറച്ചത്? ഹാരാൻ എന്നത് ഒരു നല്ല പുൽത്തകിടി [മേച്ചിൽ പുറം] ആയിരുന്നു. അവിടെ അബ്രാം അടിമകളെയും സമ്പാദ്യങ്ങളെയും സ്വന്തമാക്കി. [വാക്യം 5.]


ഇന്നും അനേകരും നല്ല മേച്ചിൽ പുറങ്ങൾ മാത്രമേ അന്വേഷിക്കുന്നുള്ളൂ. സഭകളിൽ വലിയ ആൾക്കൂട്ടം ഉണ്ടാകുന്നതിന്റെ കാരണം അനുഗ്രഹത്തെ കുറിച്ചുമാത്രം പ്രസംഗിക്കപ്പെടുന്നത് കൊണ്ടാണ്.



അനുഗ്രഹത്തെ മാത്രം അന്വേഷിച്ചു പോകുന്നവർ അവരുടെ ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുകയാണ് ചെയ്യുന്നത്. എന്നാൽ വിഗ്രഹാരാധികളും കിഴക്കൻ മതസ്ഥ ദൈവങ്ങളും നല്ല അനുഗ്രഹങ്ങൾ വാഗ്ദാനം ചെയ്യുമ്പോൾ അവർ അതിന്റെ പിന്നാലെ പോകുന്നു. [ചിലപ്പോൾ, അനുഗ്രഹം പ്രസംഗിക്കുന്നവർ തങ്ങളെ പിൻതുടരുന്നവർക്ക് നല്ലത് വാഗ്ദാനം ചെയ്യുന്നതിലാണ് ശ്രദ്ധിക്കുന്നത്.]

ഇപ്പോൾ, കനാൻ കാണാത്ത തേരഹ് മരിച്ചു (ഉല്പ: 11:32]
"അബ്രാമിനോട് ദൈവം പറഞ്ഞത് "നിന്റെ ദേശം വിടുക,
നിന്റെ പിതൃഭവനത്തെയും, ചാർച്ചക്കാരെയും വിട്ട് ഞാൻ
നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോകുക. (വാ. 1)
ഇതായിരുന്നില്ല ദൈവം അബ്രാമിനോട് ആദ്യം ഇടപെട്ടത്.
പുതിയ നിയമത്തിൽ സ്തെഫാനോസ് ഇപ്രകാരം പറയുന്നു.
അബ്രാഹാമിനോട് ദൈവം കല്ദയരുടെ പട്ടണമായ
മെസപ്പൊത്താമിയയിൽ വച്ച് ഇടപെട്ടു. (അപ്പൊ. 7:2,3:
ഉല്പത്തി 15:7, നെഹെമ്യ. 9:7] ഇത് സമയത്ത് വെറുമൊരു
ദൈവിക ദർശനമായിരുന്നില്ല. എന്നാൽ ഒരു കല്പനയായിരുന്നു.
ദേശം വിട്ടുവാനും തന്റെ ജനത്തെയും പിതൃ-
നഗരത്തെയും വിട്ടുവാനുമുള്ള.

ചിലർ പറയുന്നു ഇത് എളുപ്പമായിരുന്നുവെന്ന്.
തേനും പാലും ഒഴുകുന്ന കനാൻ ദേശം ദൈവം അവനെ
കാണിക്കുകയും മാത്ര അവർക്കും അവന്റെ തലമുറയ്ക്കും
അവകാശമായി കൊടുക്കുകയും ചെയ്തു എന്ന്. ഇത് ശരിയാണോ?
ഒരിക്കലും അല്ല, ദൈവം അബ്രാഹാമിനെ ദേശം കാണിച്ചില്ല.



ദൈവം പറഞ്ഞത് ഞാൻ നിന്നെ
കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോകുക,
എന്നാണ്. (വാക്യ 1) രണ്ടാമതായി കനാനി
ലേക്കാണ് പോകുന്നത് എന്നുള്ളത് അബ്രാഹാ
മിന് അറിയില്ലായിരുന്നു.

അബ്രാഹാം വിശ്വാസത്തിലാണ്
എവിടേക്കാണ് പോകുന്നതെന്ന് അറിയാതെ
യാത്ര തിരിച്ചത് [എബ്രാ. 11:8]
മൂന്നാമതായി - തന്നെ വിളിച്ചപ്പോൾ കനാൻ
വാഗ്ദത്തം ചെയ്തിരുന്നില്ല. ഞാൻ നിന്നെ
കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോകുക
എന്നാണ്. [വാക്യ.1] കനാനിൽ എത്തിയതിന്
ശേഷമാണ് ഇത് നിന്റെ സന്തതിയ്ക്ക് അവകാ
ശമായി നൽകുമെന്ന് ദൈവം വാഗ്ദത്തം നല്കിയത്

അവസാനമായി:- കനാനിൽ അബ്രാഹാം എത്തിയപ്പോൾ കനാന്റെ സുവർണ്ണകാലമല്ലായിരുന്നു. വലിയ ക്ഷാമമായാണ് കണ്ടത്. [വാക്യം 10.] അബ്രാഹാം ഒരു നല്ല ദേശം കണ്ടിട്ടല്ല പോരാൻ വിട്ടത്. ദൈവത്തെ കണ്ടുകൊണ്ട് മാത്രമാണ്. ദൈവം മാത്രമേ തന്റെ മുമ്പിൽ ഉണ്ടായിരുന്നുള്ളൂ. ഒരു ദേശവും ഇല്ലായിരുന്നു. വിശ്വാസം കാണുന്നത് ദൈവത്തെ മാത്രമാണ്. വിശ്വാസം എന്നത് ദൈവത്തിന്റെ കരത്തിൽ പിടിച്ചുകൊണ്ട് സാധ്യതയില്ലാത്തിടത്തേക്ക് ചാടുന്നതാണ്. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല. വിശ്വാസം പിടിച്ചിരിക്കുന്നത് വാഗ്ദത്തത്തെയല്ല, ദൈവത്തെ തന്നെയാണ്. വാഗ്ദത്ത നാടിനെ നോക്കരുത് യേശുവിനെ മാത്രം നോക്കുക.

ദൈവവുമായി എപ്പോൾ വ്യക്തിപരമായ ഇടപെടൽ ഉണ്ടാകുമോ അപ്പോൾ നിങ്ങൾ പഴയ താല്പര്യങ്ങളെയും, ആശങ്കകളെയും, ഉത്കണ്ഠകളെയും മറക്കുന്നു. ഒരു ശിഷ്യനായിത്തീരുമ്പോൾ യേശു അവന്റെയും അവന്റെ സാധാരണ ജീവിതത്തിന്റെയും ഇടയിൽ ആണ്.

ഈ മൂന്ന് കാര്യങ്ങൾ വിടുവാൻ ദൈവം അബ്രാഹാമിനോട് കല്പിച്ചു. എന്തുകൊണ്ടാണ് പിതൃഭവനത്തെയും, ചാർച്ചക്കാരെയും വിടുവാൻ പറഞ്ഞത്. അവന്റെ ദേശത്ത് അവൻ അറിയപ്പെടുന്ന ഒരുവനായിരുന്നു. തന്റെ ജനത്തിന്റെ ഇടയിൽ അവൻ സുരക്ഷിതനായിരുന്നു. എന്നാൽ മറ്റൊരു രാജ്യത്ത് താൻ ഏകനാണ്, അവിടെ താൻ ആരുമല്ല. ഗോത്രത്തിൽ നിന്നും അകന്നവനാണ്, ഏകാന്തനാണ്. തന്റെ അവകാശങ്ങളില്ലാതെ താൻ നിസ്സഹായനാണ്. ദൈവം അബ്രാഹാമിന് പുതിയ ഒരു വ്യക്തിത്വം നൽകുവാനാണ് ആഗ്രഹിച്ചത്. തന്റേതായ എല്ലാ സുരക്ഷിതത്വത്തിൽ നിന്നും തന്നെ മുറിച്ചു മാറ്റുകയാണ് ദൈവം ചെയ്തത്. അവനെ ഏകനാക്കുകയായിരുന്നു ദൈവത്തിന്റെ ഉദ്ദേശ്യം. പൂർണ്ണമായും തന്നെ അനാഥനാക്കിയതിന്റെ കാരണം ദൈവത്തിൽ മാത്രം പൂർണ്ണമായും ആശ്രയിക്കുന്നതിനായിരുന്നു.

തേരഹ് കാണുന്നതിൽ അഥവാ കാഴ്ചയിൽ ആശ്രയിക്കുന്നവനായിരുന്നു. കനാൻ നല്ല ഒരു വാസസ്ഥലമായി മനസ്സിലാക്കിയാണ് യാത്ര തിരിച്ചത്. എന്നാൽ തന്റെ യാത്ര ഹാരാനിൽ അവസാനിച്ചു. അത് ഒരു നല്ല സ്ഥലമായിരുന്നെങ്കിലും, ക്ഷാമമുണ്ടെന്ന് താൻ കേട്ടു കാണും. തേരഹ് ഒരു പ്രായോഗിക മനുഷ്യൻ ആയിരുന്നു. എന്നാൽ അബ്രഹാം വിശ്വാസത്താൽ ജീവിക്കുന്നവനാണ്. ഒരു നല്ല ഭാവി കൺമുമ്പിൽ കാണാതെ തന്നെ അവൻ സകലതും ഉപേക്ഷിച്ചു. തന്റെ കൂട്ടുകാർ തന്നെ പരിഹസിച്ചു കാണും, തന്റെ അന്ധമായുള്ള വിശ്വാസത്തെ. വിശ്വാസം എപ്പോഴും അന്ധമാണെന്ന് ഓർക്കുക. അല്ലെങ്കിൽ അത് വിശ്വാസമല്ല. കാഴ്ചയും വിശ്വാസവും ഒരുമിച്ചു പോകുകയില്ല. വിശ്വാസം മുമ്പോട്ട് നയിക്കുന്നു. കാഴ്ച പിന്നോട്ട് നയിക്കുന്നു.

എന്നാൽ ശരിയായ വിശ്വാസം ദൈവവുമായുള്ള ഇടപെടലാണ്. ദൈവത്തെ കാണാതെ വിശ്വാസം ഇല്ല. വിശ്വാസം ഇല്ലാതെ അനുസരിപ്പാൻ കഴിയുകയില്ല. എല്ലാറ്റിലും ഉപരി അനുസരണമില്ലാതെ പിന്തുടരുവാൻ കഴിയുകയില്ല.

പ്രാർത്ഥന:- കർത്താവേ, കാഴ്ചയാലല്ല വിശ്വാസത്താലാണ് പിന്തുടരേണ്ടത് എന്ന് ഞാൻ അറിയുന്നു. കാഴ്ചയാൽ തീർച്ചയില്ലാത്തതിലേക്ക് ഞാൻ വീഴുന്നു. എന്തുകൊണ്ടെന്നാൽ നിന്റെ കരങ്ങളിൽ ഞാൻ സുരക്ഷിതനാണ്. കാണാത്തതിനായി യാത്ര ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആമേൻ.

തുടർ വായനക്കായി: അപ്പോ. പ്രവൃ: 7:1-3, എബ്രാ. 11: 8-16

# കണ്ടതും കേട്ടതും



ആരിൽ നിന്നു ജനിച്ചുവന്നോ, ആരാൽ
ജനിക്കപ്പെട്ടുവെന്നോ തിരിച്ചറിയാത്തവർ, സഹോദരങ്ങൾ,
സ്നേഹബന്ധങ്ങൾ ഇല്ലാത്തവർ... സ്വന്തം കുഞ്ഞുങ്ങളാൽ
ഉപേക്ഷിക്കപ്പെട്ട് വൃദ്ധസദനങ്ങളിൽ അഭയം പ്രാപിച്ചവർ...
മക്കളുടെ വീടുകളിൽ അടുത്ത തലമുറയ്ക്കു ഉണ്ടാക്കിയതെല്ലാം
സൂക്ഷിച്ചു അവയ്ക്കെല്ലാം കാവൽക്കാരായി തീർന്നു, വിധി
എന്നു സമാധാനിച്ചു ജീവിതം തള്ളി നീക്കുന്നവർ.. അങ്ങനെയുള്ളവർ...

# കണ്ടതും കേട്ടതും

## ലോകത്തിന്റെ മറ്റൊരു മുഖം

ചിലരെങ്കിലും പറയുന്നത് കേട്ടിട്ടുണ്ട് "എന്റെ ചിരിക്കുന്ന മുഖം മാത്രമേ നീ കണ്ടിട്ടുള്ളൂ എനിക്ക് വേറെയും ഒരു മുഖം ഉണ്ട് എന്ന്." പലർക്കും ഒന്നിലധികം സ്വഭാവമാകുന്ന മുഖം ഉള്ള ഈ ലോകത്ത്, അത്ര സുഖം തരാത്ത, ലോകത്തിന്റെ മറ്റൊരു മുഖം ഒരു പക്ഷേ നാം മനഃപൂർവ്വം അവഗണിക്കുന്നതും കണ്ടിരുന്നാലും അതിനെ ഓർക്കുവാൻ ആഗ്രഹിക്കാത്തതുമാണ്.

ആരിൽ നിന്നു ജനിച്ചുവെന്നോ, ആരാൽ ജനിക്കപ്പെട്ടുവെന്നോ തിരിച്ചറിയാത്തവർ, സഹോദരങ്ങൾ, സ്നേഹബന്ധങ്ങൾ ഇല്ലാത്തവർ... സ്വന്തം കുഞ്ഞുങ്ങളാൽ ഉപേക്ഷിക്കപ്പെട്ട് വൃദ്ധസദനങ്ങളിൽ അഭയം പ്രാപിച്ചവർ... മക്കളുടെ വീടുകളിൽ അടുത്ത തലമുറയ്ക്കു ഉണ്ടാക്കിയതെല്ലാം സൂക്ഷിച്ച് അവയ്ക്കെല്ലാം കാവൽക്കാരായി തീർന്നു, വിധി എന്നു സമാധാനിച്ച് ജീവിതം തള്ളി നീക്കുന്നവർ.. അങ്ങനെയുള്ളവർ...

ഇങ്ങനെയുള്ളവർ ഈ ലോകത്തിൽ നമ്മോടൊന്നിച്ച് ഉറങ്ങുകയും ഉണരുകയും ചെയ്യുന്നുവെന്നോ അവരുടെ മുകളിലും ഉദിക്കുന്ന സൂര്യനും ചന്ദ്രനും, പ്രകൃതിയുടെ വൈവിധ്യങ്ങളും ഒന്നാണെന്നോ ഓർക്കാതെ നാം സ്വയം തീർക്കുന്ന ഗ്രഹങ്ങളിൽ ഒതുങ്ങപ്പെടുവാൻ ആഗ്രഹിക്കുകയല്ലേ, സുരക്ഷിത മേഖലയിൽ നിന്നു പുറത്തേക്കു പോകാതെ ജീവിതത്തെ നെയ്തെടുക്കുകയല്ലേ ചെയ്യുന്നത്.

ബർഗറും, കെ.എഫ്.സിയും മാറിമാറി പരീക്ഷിച്ചും, ഓരോ ദിവസവും വ്യത്യസ്തങ്ങളായ രുചി ഭേദങ്ങളോടെ സകലവിധ വിഭവങ്ങളും മുന്നിൽ കിട്ടിയിട്ടും കഴിക്കുവാൻ ഇഷ്ടമില്ലാത്തവരുടെ ഇടയിൽ, ആഹാരത്തിന്റെ നിറവും ഗുണവും നോക്കാതെ ഒരു നേരത്തെ ആഹാരത്തിനുവേണ്ടി പ്രതീക്ഷയോടെ നോക്കുന്ന ദയനീയ മുഖങ്ങൾ..



ഒരു വയസ്സുകാരൻ മുതൽ ആരെയും നിർബന്ധിക്കാത്ത
ഭക്ഷണം കഴിപ്പിക്കുവാൻ സാധിക്കുന്ന ലോകത്തിന്റെ
മറ്റൊരു മുഖം. ഭാഗ്യം ചെന്നവർ അവരുടെ മാതാപിതാക്കൾ?

സൗന്ദര്യം പ്രദർശിപ്പിക്കുന്നതിനായി ചെയ്തു
കൂട്ടുന്ന കോപ്രായങ്ങളായ സൗന്ദര്യ വർദ്ധക വസ്തുക്കളുടെ
ഉപയോഗവും വസ്ത്രങ്ങളുടെ ഇറക്കക്കുറച്ചിലുകൾ, ഞാൻ
എന്തോ സംഭവമാണെന്ന് വരുത്തി തീർക്കുന്ന നടത്തങ്ങൾ...

ക്യാൻസർ എന്ന മഹാരോഗം ബാധിക്കുമ്പോൾ
അമിതമായ അളവിൽ ശരീരത്തിലേക്ക് കീമോതെറാപ്പി
എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന മരുന്നുകൾ, ഉച്ചി മുതൽ
ഉള്ളംകാൽ വരെയുള്ള നാഡിവ്യൂഹങ്ങളിൽ സാരമായ ചലനഹീനത
കൾ കൊണ്ടുവന്നു തലയിലെ സകലവിധ രോമങ്ങളും പൊഴിച്ച്
കളയുമ്പോൾ, മുമ്പിൽ പറഞ്ഞ ആഡംബരങ്ങൾ എല്ലാം
മാറ്റിവച്ച് നീങ്ങിടുന്ന ദയനീയമായ കാഴ്ചകൾ.
'ഇതും ലോകത്തിന്റെ മറ്റൊരു വശത്ത് കാണുന്ന കാഴ്ചയെന്ന്-
പറഞ്ഞ് മാറ്റിവയ്ക്കാം'. മുടിയില്ലാത്ത തലയും കരുവാളിച്ച
മുഖവും നോക്കി ചോദിച്ചാൽ അവരു പറയും ദിവസങ്ങൾ
മാത്രം ജീവിതമുള്ളവർക്ക് എന്ത് സുഖങ്ങൾ.
'കുറച്ചു നാൾ കൂടി ജീവിക്കുവാൻ അവസരം കിട്ടിയിരുന്നെങ്കിൽ'.

ഓരോ അവധികാലങ്ങളും അമ്യൂസ്മെന്റ് പാർക്കിലെയും
മൂന്നാറിലെയും ത്രില്ലും കഥകൾ ഫോട്ടോ പിടിച്ച് മറ്റുള്ളോരുടെ
മുമ്പിൽ സോഷ്യൽ മീഡിയകൾ വഴി പ്രദർശിപ്പിച്ച്
ആനന്ദ നിർവൃതി പൂണ്ട്, വീണ്ടും വികാരങ്ങളെ വല്ല വിധേനയും
അടക്കി അടുത്ത അവധിക്കായി കാത്തിരിക്കുന്നവരോട്
'പഴുത്ത പ്ലാവില വീഴുമ്പോൾ പച്ച പ്ലാവില ചിരിക്കുന്നതോ-
ടു' പഴഞ്ചൊല്ലുണ്ട് നമ്മുടെ നാട്ടിൽ. അതും നമ്മുടെ
കുഞ്ഞുങ്ങൾ കേൾക്കുവാനില്ല. പറഞ്ഞു കൊടുക്കുവാൻ
നമ്മളും മിനക്കെടാറില്ല.

ശീതീകരിച്ച വാഹനത്തിൽ നിന്ന്, ശീതീകരിച്ച മുറിയിലേക്ക് കയറി യേശുവിന്റെ ദുഃഖം നിങ്ങളിൽ ഉണ്ടാകട്ടെ എന്നു പ്രസംഗിക്കുന്നവരോട് നിങ്ങളിൽ മാത്രം തീരട്ടെ എന്നൊരു ആശീർവാദവും കൂടി ചൊല്ലുവാനപേക്ഷ.



# രക്ഷയുടെ വഴിയിൽ ഒരു വാക്ക്



ലേഖനം. ജസ്റ്റിൻ കുമ്പഴ



ഈ രക്ഷയുടെ വഴിയിൽ ഓരോ നിമിഷവും നാം സംസാരിക്കുന്ന വാക്കുകൾ ദൈവത്തിന് ഹിതകരമാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ക്രിസ്ത്യാനിയെന്നു അഭിമാനിക്കുന്ന നാം ഓരോരുത്തരും കരുതി സംസാരിക്കാറുണ്ടോ? ഈ ലോകത്തിൽ അൽപ നേരത്തെ നിലനിൽപ്പിനു വേണ്ടി നമ്മളിൽ പലരും നമ്മുടെ ജീവിതത്തിലെ രക്ഷയെ ശൂന്യമാക്കാതെ കരുതു സംസാരിക്കാറില്ലേ?

## രക്ഷയുടെ വഴിയിൽ ഒരു വാക്ക്

ലെവിനം. ജസ്റ്റിൻ കുമ്പഴ

നമ്മുടെ ആത്മീയ ലോകത്തിലെ ഒരു കാതലായ വിഷയമാണ് "രക്ഷ". പലപ്പോഴും ക്രിസ്ത്യാനികളുടെ ജീവിതത്തിൽ വളരെയധികം തർക്കങ്ങളും, വാദങ്ങളും രക്ഷയെ പറ്റി ഉണ്ടാകാറുണ്ട്. ഇതുമൂലം പലരുടെ ജീവിതത്തിലെ രക്ഷ നഷ്ടപ്പെടുകയും ചെയ്യുന്നുണ്ട്.

രക്ഷിക്കപ്പെടുവാൻ നാം എന്ത് ചെയ്യേണം. റോമർ 10:9-ൽ പറയുന്നു "യേശുവിനെ കർത്താവു എന്നു വായ്കൊണ്ടു ഏറ്റു പറകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും." പത്രോസ് അപ്പോസ്തലൻ പറയുന്നു, "മറ്റൊരുത്തനിലും രക്ഷയില്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല". കർത്താവായ യേശുക്രിസ്തുവിലൂടെ അല്ലാതെ ഒരു വ്യക്തിയും രക്ഷപ്പെടുകയില്ലെന്ന സത്യമായ കാര്യം പല പ്രസംഗത്തിലൂടെ നമ്മൾ കേൾക്കുകയും വിശ്വസിക്കുകയും, വചനത്തിലൂടെ വായിച്ച് മനസ്സിലാക്കുകയും ചെയ്തവർ ആണ്.

എന്നാൽ ഈ രക്ഷയുടെ വഴിയിലേക്ക് നമുക്ക് ഒന്ന് ശ്രദ്ധിച്ച് നോക്കാം. ക്രിസ്ത്യാനികളായ നാം ഓരോരുത്തരും ഈ രക്ഷയുടെ വഴിയിലൂടെയാണോ സഞ്ചരിക്കുന്നത്?

സഭാപ്രസംഗിയുടെ പുസ്തകം 11:9-ൽ പറയുന്നു "യൗവനക്കാരാ നിന്റെ യൗവനത്തിൽ സന്തോഷിക്ക. യൗവനകാലത്തിൽ നിന്റെ ഹൃദയം ആനന്ദിക്കട്ടെ. നിനക്ക് ഇഷ്ടമുള്ള വഴികളിലും നിനക്കു ബോധിച്ച വണ്ണവും നടന്നു കൊൾക. എന്നാൽ ഇവയൊക്കെയും -



നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേക്കു വരുത്തും എന്നറിക.

ഈ രക്ഷയുടെ വഴിയിലൂടെ നാം സഞ്ചരിക്കുമ്പോൾ വളരെയധികം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. എന്നാൽ നമ്മിൽ അധികം പേരും ശ്രദ്ധിക്കാത്ത കാര്യത്തെ യേശു കർത്താവു മത്തായി 12-ാം അദ്ധ്യായത്തിലൂടെ ചൂണ്ടിക്കാണിക്കുന്നു. അതിശയകരമാണ് "എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാര വാക്കിനും ന്യായവിധിദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടി വരും എന്നു ഞാൻ നിങ്ങളോടു പറയുന്നു".

രക്ഷാകരമായ ഈ വഴിയാത്രയിൽ നമ്മുടെ വാക്കുകളും സംസാര രീതികളും, എങ്ങനെയാണ്. മത്തായി 5:37-ൽ കാണുന്നതുപോലെ, "നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ. ഇതിൽ അധികമായത് ദുഷ്ടനിൽ നിന്നു വരുന്നു. ഈ രക്ഷയുടെ വഴിയിൽ ഓരോ നിമിഷവും നാം സംസാരിക്കുന്ന വാക്കുകൾ ദൈവത്തിന് ഹിതകരമാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ക്രിസ്ത്യാനിയെന്നു അഭിമാനിക്കുന്ന നാം ഓരോരുത്തരും കള്ളം സംസാരിക്കാറുണ്ടോ? ഈ ലോകത്തിൽ അൽപ നേരത്തെ നിലനിൽപിനു വേണ്ടി നമ്മിൽ പലരും നമ്മുടെ ജീവിതത്തിലെ രക്ഷയെ ഗണ്യമാക്കാതെ കള്ളവും സംസാരിക്കാറില്ലേ?

ഇതാണോ പിതാവായ ദൈവം ഇഷ്ടപ്പെടുന്നത്? സദൃശവാക്യങ്ങൾ 6:16-ൽ കാണുന്നു. "ആറു കാര്യം -

ആറു കാര്യം യഹോവ വെറുക്കുന്നു;
ഏഴു കാര്യം അവന്നു അറെപ്പാകുന്നു:
ഗർവ്വമുള്ള കണ്ണും വ്യാജമുള്ള നാവും
കുറ്റമില്ലാത്ത രക്തം ചൊരിയുന്ന കയ്യും
ദുരുപായം നിരൂപിക്കുന്ന ഹൃദയവും
ദോഷത്തിന്നു ബദ്ധപ്പെട്ടു ഓടുന്ന കാലും
ഭോഷ്കു പറയുന്ന കള്ളസാക്ഷിയും
സഹോദരന്മാരുടെ ഇടയിൽ വഴക്കുണ്ടാക്കുന്നവനും തന്നെ.

നമ്മുടെ രക്ഷക്കു വേണ്ടി കഷ്ടം സഹിച്ച യേശു കർത്താവിനെ ഇന്നു ക്രിസ്ത്യാനികൾ ഇത്ര പലതും മറന്നു പോയ്ക്കൊണ്ടിരിക്കയാണ്.

സദൃശവാക്യങ്ങൾ 23:16-ൽ പറയുന്നു നിന്റെ അധരം നേർ സംസാരിച്ചാൽ, എന്റെ അന്തരംഗം ആനന്ദിക്കും. നമ്മുടെ സംസാരത്തിലും, വാക്കിലും ദൈവത്തെ സന്തോഷിപ്പിക്കുവാൻ കഴിയുന്നുണ്ടോ?

ഇന്നു നാം ഓരോരുത്തരും ശബ്ദം ഉയർത്തുന്നതു മറ്റുള്ളവരെ പരിഹസിക്കുവാനും, സ്വയം നിലനിൽപ്പിനുവേണ്ടിയും, വാക്‌വാദങ്ങൾക്കും തർക്കങ്ങൾക്കും വേണ്ടിയാണ്. സദൃശ വാക്യങ്ങൾ 22-ൽ പറയുന്നത്, പരിഹാസിയെ നീക്കിക്കളക അപ്പോൾ പിണക്കം പോയ്ക്കൊള്ളും. കലഹവും നിന്ദയും നിന്നു പോകും.

സമാധാനത്തിന്റെ പ്രഭുവായ യേശു കർത്താവിന്റെ മക്കൾ എന്നു വിളിക്കുന്ന നമുക്ക് മറ്റുള്ളവരിലേക്ക് സമാധാനം പകരുവാൻ കഴിയുന്നുണ്ടോ? യെശയ്യാവു പ്രവാചകൻ പറയുന്നതു പോലെ തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടു താങ്ങുവാൻ അറിയേണ്ടതിന്നു കർത്താവായ യഹോവ എനിക്ക് ശിഷ്യന്മാരുടെ നാവു തന്നിരിക്കുന്നു.

തളർന്നിരിക്കുന്ന ഒരു വ്യക്തിയെങ്കിലും ബലപ്പെടുത്തുവാൻ നമ്മുടെ വാക്കുകൾ കൊണ്ട് സാധിച്ചിട്ടുണ്ടോ?

കൊലൊസ്സ്യർക്കു എഴുതിയ ലേഖനം 4:6-ൽ പറയു-
ന്നു "ഓരോരുത്തനോടു നിങ്ങൾ എങ്ങനെ ഉത്തരം
പറയേണം എന്നു അറിയേണ്ടതിനു നിങ്ങളുടെ
വാക്കു എപ്പോഴും കൃപയോടു കൂടിയതും ഉപ്പിനാൽ
രുചി വരുത്തിയതും ആയിരിക്കട്ടെ.
ക്രിസ്തു സിദ്ധനും പൂർണ്ണനായിരിക്കുന്നതു പോലെ നാം
ഓരോരുത്തരും ആകേണ്ടതാകുന്നു. യാക്കോബ് എഴുതി-
യ ലേഖനത്തിൽ പറയുന്നു, ഒരുത്തൻ വാക്കിൽ
തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവനും
കടിഞ്ഞാണിട്ടു നടത്തുവാൻ ശക്തനായി സിദ്ധനും
പൂർത്തിയുമുള്ള പുരുഷൻ ആകുന്നു.

ഒരേ നാവുകൊണ്ട് നമ്മൾ കർത്താവും പിതാ-
വുമായവനെ സ്തുതിക്കുന്നു. ദൈവത്തിന്റെ സാദൃശ്യത്തി-
ൽ ഉണ്ടായ മനുഷ്യരെ അതിനാൽ ശപിക്കുന്നു. ഒരു
വായിൽ നിന്നു തന്നെ സ്തോത്രവും ശാപവും പുറപ്പെടുന്നു.
സഹോദരന്മാരെ, ഇങ്ങനെ ആയിരിക്കുന്നതു യോഗ്യമല്ല.
പാപത്തിന്റെ ചതിക്കുഴിയിൽ കിടന്ന നമ്മെ, ഓരോരു-
ത്തരെയും രക്ഷയുടെ തീരത്തിലേക്ക് കൈപിടിച്ചു കയറ്റുവാൻ-
മഹത്വത്തിന്റെ പ്രഭ ശൂന്യമാക്കാതെ കർത്താവായ
യേശു ഭൂലോകത്തിലേക്കു ഇറങ്ങി വന്നു. എന്നാൽ
അവന്റെ രണ്ടാം വരവിൽ, ഒരു നിർമ്മല കന്യകയെ
പോലെ അവനു വേണ്ടി കാത്തിരി
ക്കുന്ന വ്യക്തി ജീവിതങ്ങൾ മാത്ര
മെ അവനോടു കൂടെ എടുക്കപ്പെട്ടു
കയുള്ളു എന്ന സത്യം നാം മറന്നു
പോകരുത്.



അവന്റെ വരവ് ഏറ്റവും
അടുത്തിരിക്കുന്നു. അവന്റെ വരവ്
ഒരു കള്ളനെപ്പോലെയാകുന്നു.
നമ്മൾക്ക് അറിയാം കള്ളൻ ഒരു
വീട്ടിൽ കയറുമ്പോൾ ഏറ്റവും വില

പിടിച്ചുകൊണ്ടും ഉപയോഗം ഉള്ളതായ കാര്യം
മാത്രമേ ചിന്തിക്കുകയുള്ളൂ. അവർ ഉപയോഗം
ഇല്ലാത്തതൊക്കെ ഉപേക്ഷിക്കും. നമ്മുടെ സംസാരവും
ജീവിതവും ക്രിസ്തുവിന്റെ വിലപ്പെട്ട രീതിയിൽ
ആകണം ഉള്ളത്.
ഇനിയും ഈശോ നമ്മുടെ രക്ഷയുടെ വഴിയിൽ
അധമമായത് ഉപേക്ഷിച്ച് ഉത്തമമായ വാക്കുകൾ
സംസാരിക്കുവാൻ തയ്യാറാകാം. "നീ അധമമായത്
കളഞ്ഞ് ഉത്തമമായത് പ്രസ്താവിച്ചാൽ നീ എന്റെ
വായ് പോലെയാകും; അവർ നിന്റെ പക്ഷം
തിരിയും നീ അവരുടെ പക്ഷം തിരികയില്ല.
[യിരെമ്യാവു 15:19].

കർത്താവും പിതാവുമായവന്റെ വായ
പോലെ ആകുവാൻ നമുക്കും സമർപ്പിക്കാം. ഈ
രക്ഷയുടെ വഴിയിൽ നാം ഓരോരുത്തരുടെയും
വാക്കുകളും സംസാരവും കൃപയോടുകൂടി നേർ
പറയുകയും, മറ്റുള്ളവർക്കു സമാധാനവും, ബലവും
പകരുവാൻ പരിശുദ്ധനായ ദൈവം
നമ്മെ ഓരോരുത്തരെയും സഹായിക്കുമാറാകട്ടെ!



## മിഷനറി ചരിത്രം.

## കാൾ ഗുഡ്സ്ലാഫ്. [1803–1851]



അധികം ആയുസ്സ് ഭൂമിയിലില്ലാത്തവരാണോ ഒരുപക്ഷേ ദൈവത്തിനു വേണ്ടി കൂടുതൽ കാര്യങ്ങൾ ചെയ്തു തീർക്കുന്നത്. ഒരു സംശയം മാത്രമാണ്! ആത്മാവിൽ തങ്ങൾ ചാപല്യം തിരിച്ചറിയാതെ ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങൾ. അങ്ങനെ 48 വയസ്സു മാത്രം ഭൂമിയിൽ ഉണ്ടായിരുന്ന, കർത്താവിന്റെ രാജ്യത്തിന്റെ വിസ്തൃതിക്കു വേണ്ടി അഹോരാത്രം പണിയെടുത്ത കാൾ ഗുഡ്സ്ലാഫ് എന്ന മിഷണറിയെയാണ് ഈ ലക്കത്തിലെ മിഷണറി ചരിത്രത്തിൽ അങ്ങനെ പരിചയപ്പെടുത്തുന്നത്.

മിഷനറി ചരിത്രം.

## കാൾ ഗുസ്ലാഫ്. [1803-1851]

അധികം ആയുസ്സ് ഭൂമിയിലില്ലാത്തവരാണോ ഒരുപക്ഷേ ദൈവത്തിനു വേണ്ടി കൂടുതൽ കാര്യങ്ങൾ ചെയ്തു തീർക്കുന്നത്. ഒരു സംശയം മാത്രമാണ്! ആത്മാവിൽ തങ്ങൾ ബാല്യം തിരിച്ചറിഞ്ഞ ധൃതഗതിയിലുള്ള പ്രവർത്തനങ്ങൾ. അങ്ങനെ 48 വയസ്സു മാത്രം ഭൂമിയിൽ ഉണ്ടായിരുന്ന, കർത്താവിന്റെ രാജ്യത്തിന്റെ വിസ്തൃതിക്കു വേണ്ടി അഹോരാത്രം പണിയെടുത്ത കാൾ ഗുസ്ലാഫ് എന്ന മിഷനറിയെയാണ് ഈ ലക്കത്തിലെ മിഷനറി ചരിത്രത്തിൽ അവനെ പരിചയപ്പെടുത്തുന്നത്.
1803 ജൂലൈ മാസം 8-ാം തിയതി ജർമ്മനിയിലുള്ള Pyritz-ൽ കാൾ ഗുസ്ലാഫ് ജനിച്ചു. കുതിര സവാരിക്കുപയോഗിക്കുന്ന ഇരിപ്പിടം ഉണ്ടാക്കുന്ന ജോലിയിൽ സഹായിയായിരുന്ന കാലത്ത് പഠനേച്ഛയാൽ ഒരു നല്ല അവസരം ലഭിക്കുകയും ബെർലിനിലുള്ള ജാനിക്ക് എന്ന സ്ഥാപനത്തിൽ സഹചാരിയായി പ്രവർത്തിച്ചു പോന്നു. 1826-ൽ നെതർലാന്റ് മിഷനറി സൊസൈറ്റി കാൾ ഗുസ്ലാഫിനെ ജാവയിലേക്ക് അയച്ചു. അവിടെ വച്ച് അദ്ദേഹം ചൈനീസ് ഭാഷ പഠിച്ചു. 1828-ൽ അദ്ദേഹം നെതർലാന്റ് സൊസൈറ്റി വിട്ടു. തുടർന്ന് സിംഗപ്പൂരിലേക്ക് ആദ്യമായി കടന്നു പോകുകയും, ലണ്ടൻ മിഷനറി സൊസൈറ്റിയിലെ ജേക്കബ് ടോംലിനോട് ഒരുമിച്ച് ബാങ്കോക്കിൽ പോകുകയും ചെയ്തു. അവിടെ വച്ച് തായ് ഭാഷയിലേക്ക് ബൈബിൾ വിവർത്തനം ചെയ്യുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടു. 1829-ൽ സിംഗപ്പൂരിലേക്ക് ഒരു ചെറിയ യാത്ര



നടത്തുകയും ഇംഗ്ലീഷ് മിഷനറിയായി പ്രവർത്തിച്ചിരുന്ന മേരിയാ ന്യൂവെലിനെ വിവാഹം കഴിക്കുകയും ചെയ്തു. ഇരുവരും 1830-ൽ ബാങ്കോക്കിലേക്ക് മടങ്ങി വരികയും കംബോഡിയൻ, ലാവോ ഭാഷകളിലേക്ക് ഡിക്ഷ്ണറി ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ പൂർത്തിയാകുന്നതിന് മുമ്പ് മേരിയാ പ്രസവത്തോടനുബന്ധിച്ച് മരണപ്പെടുകയും വിലപ്പെട്ട അവകാശങ്ങൾ വിട്ടുപോകുകയും ചെയ്തു. 1834-ൽ മേരി വാൻസ്റ്റാളിനെ വിവാഹം കഴിച്ചു. തന്റെ രണ്ടാം ഭാര്യയായിരുന്ന മേരി അന്ധർക്കുവേണ്ടിയുള്ള ഒരു സ്കൂളും, താമസ സനാഥ്യവും മക്കാവോയിൽ നടത്തി വരികയായിരുന്നു. 1849-ൽ സിംഗപ്പൂരിൽ വച്ച് അവർ മരണമടയുകയും അവിടെ അവരെ അടക്കം ചെയ്യുകയും ചെയ്തു. 1850-ൽ ഗുഡ്സ്ലാഫ് ഇംഗ്ലണ്ടിൽ വച്ച് ഡോറോത്തി ഗബ്രിയേലിനെ തന്റെ മൂന്നാം ഭാര്യയായി വിവാഹം കഴിച്ചു.

മക്കാവോയിൽ വച്ചും, ഹോങ്കോങ്ങിൽ വച്ചും ചൈനീസ് ഭാഷയിലേക്കുള്ള ബൈബിൾ വിവർത്തനം താൻ ചെയ്തു. അപ്പോൾ തന്നെ ചൈനീസ് ഭാഷയിലുള്ള ഒരു മാഗസിൻ പ്രസിദ്ധീകരിച്ചു. പ്രാവർത്തിക വിഷയങ്ങൾ എന്ന ഒരു പുസ്തകവും താൻ അതുസമയത്തു രചിച്ചു. റോബർട്ട് മോറിസൺ എന്ന മിഷനറി തയ്യാറാക്കിയ ലഘുലേഖ ഇത കാലയളവിൽ താൻ വിതരണം ചെയ്യുകയും ചെയ്തു.



1840-ൽ വാൾട്ടർ ഹെൻട്രി മെഡ്ഹസ്റ്റ്, ചാൾസ് ഗുഡ്സ്ലാഫ്, എലിജാ കോൾമാൻ ബ്രിഡ്ജ്മാൻ, ജോൺ റോബർട്ട് മോറിസൺ എന്നിവരടങ്ങുന്ന സംഘം ചൈനീസ് ഭാഷയിലേക്ക് ബൈബിൾ വിവർത്തനം

ചെയ്യുന്നതിന് സഹായിച്ചു. എബ്രായ ഭാഷയിലുള്ളത്
മിക്കതും പരിഭാഷപ്പെടുത്തിയത് ഗുൾസ്ലാഫ് ആണ്.
പഞ്ചഗ്രന്ഥങ്ങളും യോശുവയുടെ പുസ്തകവും ഇവർ
ഒരുമിച്ചിരുന്ന് വിവർത്തനം ചെയ്യുകയും 1847-ൽ
അത് പൂർത്തീകരിക്കുകയും ചെയ്തു. പുരോഗമന
വാദികളായ തായ്‌പോൺ റിബലിയൻ അംഗീകരി
ക്കുകയും, അയതിനാൽ തന്നെ അത് വളരെ പ്രശസ്ത-
മാകുകയും ചെയ്തു. ചൈനീസ് പാരമ്പര്യങ്ങൾ ഒന്നും
തന്നെ ഉൾക്കൊള്ളിക്കാതെ ശരിയായതും, വിശ്വാസ്യ-
മായതും, യഥാർത്ഥമായതുമായ ബൈബിൾ വിവർത്തനം
ആണ് അവർ ചെയ്തത്.

1830-ൽ ജാർഡിൻ മാത്തിസൺ കമ്പനിക്കുവേണ്ടി



അനധികൃതമായി ഓപ്പിയം കടത്തുന്ന
തിന് കപ്പിത്താനെ സഹായിക്കുന്നതിന്
ജാർഡിൻ തന്നെ പ്രേരിപ്പിച്ചു. അതി
ലൂടെ മതപരിവർത്തനം കൂടുതൽ
സാദ്ധ്യമാകും എന്ന് തന്നെ പ്രലോഭിപ്പി-
ക്കുകയും ചെയ്തു. 1840-42-ലെ
ഓപ്പിയം യുദ്ധത്തിൽ സന്ധി സംഭാഷണ
ങ്ങൾക്കായി ഗുട്സ്ലാഫ് അവരെ
സഹായിച്ചു. ഉൾപ്രദേശ
ങ്ങളിലേക്ക് വിദേശികളെ ചൈനീസ്
പ്രവേശിപ്പിക്കാത്തതിനാൽ തദ്ദേശ
വാസികളെ മിഷണറിമാരായി പരിശീലിപ്പിക്കുന്നതിനായി
1834-ൽ ഒരു സ്ഥാപനം ആരംഭിക്കുകയും ആദ്യ 4
വർഷം കൊണ്ട് 50-ഓളം പേരെ പരിശീലിപ്പിച്ചെ
ടുക്കുകയും ചെയ്തു. നിർഭാഗ്യവശാൽ തന്റെ സംഘടനാ
പാടവം ഉദ്ദേശിച്ച ഫലപ്രാപ്തിയിൽ എത്തിയില്ല.
കാരണം തദ്ദേശീയരായ മിഷണറിമാർ മുഖാന്തിരം
മാനസികമായി മുറിവേൽക്കുന്നതിന് ഇടയായി. പുതിയനിയമം
വിറ്റഴിക്കുന്നതിനെ പറ്റിയും മതപരിവർത്തനം നടത്തുന്ന-

വരെ പറ്റിയും വളരെ തെറ്റായ റിപ്പോർട്ടുകളാണ് അവർ നൽകിയിരുന്നത്. എന്നാൽ ചിലർ വളരെ സത്യസന്ധരും ആയിരുന്നു. കൂടുതൽ വ്യക്തികളും ലഹരിക്ക് അടിമകൾ ആയവരും, അശ്ലീല ഇടങ്ങളിൽ പോകുന്നവരും ആയിരുന്നു. പെട്ടന്ന് പണം സമ്പാദിക്കുന്നതിനായി അവർ ബൈബിൾ അച്ചടിച്ചവർക്ക് തന്നെ മടക്കി നൽകി പണം വാങ്ങിയിരുന്നു.

1851-ൽ ഈ തട്ടിപ്പുകാർ മുഖാന്തിരമുണ്ടായ മനോവ്യസനം മൂലം ഹോങ്കോങ്ങിൽ വച്ച് മരണമടഞ്ഞു. എന്നാൽ അദ്ദേഹം രൂപീകരിച്ച ചൈനീസ് ഇവാഞ്ച-ലൈസേഷൻ സൊസൈറ്റിയുടെ പ്രവർത്തനഫലമായി ചൈനാ ഇൻലാൻഡ് മിഷൻ രൂപീകരിച്ച ഹഡ്സൺ ടെയ്‌ലർ അവിടേക്ക് വരുവാൻ ഇടയായിത്തീർന്നു. ചൈന ഇൻലാൻഡ് മിഷന്റെ തലതൊട്ടപ്പൻ എന്നാണ് ഗുട്സ്ലാഫിനെ പറ്റി ഹഡ്സൺ ടെയ്‌ലർ പറഞ്ഞിരിക്കുന്നത്. ചൈനക്കാരുടെ വസ്ത്രധാരണ രീതി അനുകരിച്ച ആദ്യത്തെ മിഷണറിയും ഗുട്സ്ലാഫ് ആയിരുന്നു. ഹോങ്കോങ്ങിലെ ഒരു തെരുവിന് തന്റെ പേരാണ് നൽകിയിരിക്കുന്നത്. അനേക പുസ്തകങ്ങളും തന്റെ കൈകളാൽ രചിക്കപ്പെട്ടു.

ബാങ്കോക്ക്, തായ്‌ലാൻഡ്, കൊറിയ തുടങ്ങിയ രാജ്യങ്ങളിൽ വേർപെട്ട ക്രിസ്തീയ പ്രവർത്തകനായിരുന്ന കാൾ ഗുട്സ്ലാഫ് എന്ന മിഷണറി വര്യനെ നമുക്കും സ്മരിക്കാം.

കോടാനുകോടി ഭക്തന്മാരോടൊത്ത് വാനമേഘങ്ങളിൽ ക്രിസ്തുവിന്റെ മണവാട്ടിയായി അദ്ദേഹത്തെയും നമുക്ക് അവിടെ കാണാം.

# ചോദ്യാവലി



# - ചോദ്യാവലി -

i ക്രിസ്തുവിന്റെ ന്യായവിധിമണ്ഡപം?

ii ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന യേശു കർത്താവിന്റെ അവസാനത്തെ വാക്ക്?

iii രണ്ടാമത്തെ മരണത്തിന് യോഗ്യരായവരുടെ list എഴുതുമ്പോൾ വെളിപ്പാട് പുസ്തകം 21ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന ആദ്യത്തെ കൂട്ടർ?

ഉത്തരങ്ങൾ അയക്കേണ്ട വിലാസം. agape.magasine@gmail.com

കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ.

i മെനെ, മെനെ, തെക്കേൽ, ഊഫർസീൻ. ഇതിന്റെ അർത്ഥം?
ഉത്തരം: മെനെ എന്നുവെച്ചാൽ; ദൈവം നിന്റെ രാജത്വം എണ്ണി, അതിനു അന്തം വരുത്തിയിരിക്കുന്നു. തെക്കേൽ, എന്നു വെച്ചാൽ; തുലാസിൽ നിന്നെ തൂക്കി, കുറവുള്ളവനായി കണ്ടിരിക്കുന്നു. പെരേസ് എന്നു വെച്ചാൽ; തുലാസിൽ നിന്നെ തൂക്കി, കുറവുള്ളവനായി കണ്ടിരിക്കുന്നു. (ദാനിയേൽ 5: 25-28)

ii മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളിക്കുന്നവരായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും - ഇത് ഏത് കാലത്തിന്റെ ലക്ഷണങ്ങൾ?
ഉത്തരം: അന്ത്യകാലത്തിന്റെ [2. തിമൊഥെയൊസ് 3:1-5]

iii ബെരോവയിലുള്ളവർ തെസ്സലൊനീക്കയിലുള്ളവരെക്കാൾ ഉത്തമന്മാരായിരുന്നു എന്നു പറവാൻ കാരണം എന്ത്?

ഉത്തരം: അവർ വചനം പൂർണ്ണ ജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അതു അങ്ങനെ തന്നെയോ എന്നു ദിനംപ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോന്നു. (അപ്പൊ. പ്രവൃത്തി 17:11)

agape

*follow us:*

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine